# കണ്ടുതീരില്ല കാസർകോട്

■ കലോത്സവത്തിന് എത്തുന്നവരെ കാത്തിരിക്കുന്നതു കാസർകോടിന്റെ സുന്ദരകാഴ്ചകൾ. കോട്ടകളും മലനിരകളും ആരാധനാലയങ്ങളും ബീച്ചുമെല്ലാം കാസർകോടിനെ സഞ്ചാരികളുടെ പ്രിയ ഇടമാക്കുന്നു. കാസർകോട്ടെ കാഴ്ചകളിലൂടെ ഒരു യാത്ര.


ബേക്കൽ കോട്ട

## ബേക്കൽ കോട്ട

കാഞ്ഞങ്ങാട് നഗരത്തിൽനിന്നു 12 കിലോമീറ്റർ സഞ്ചരിച്ചാൽ ബേക്കൽ കോട്ടയിലെത്താം. അറബിക്കടലിന്റെ തീരത്തോടു ചേർന്നാണു കോട്ട. 35 ഏക്കറുള്ള കോട്ടയുടെ കൊത്തളങ്ങളാണ് ആകർഷണം. രാവിലെ 9 മുതൽ 5 വരെയാണു പ്രവേശന സമയം. കാഞ്ഞങ്ങാട് - ചന്ദ്രഗിരി റൂട്ടിലാണു കോട്ട. ഇതു വഴി കെഎസ്ആർടിസി ബസുകളുണ്ട്.

## ചന്ദ്രഗിരി കോട്ട

17ാം നൂറ്റാണ്ടിൽ നിർമിച്ച കോട്ട 9 ഏക്കറിൽ സ്ഥിതി ചെയ്യുന്നു. കോട്ടയ്ക്കുള്ളിലെ 2 ചെറു ഗുഹകളടക്കം 3 വഴിയിലൂടെ കോട്ടയിൽ പ്രവേശിക്കാം. ഒരിക്കലും വറ്റാത്ത ചതുരാകൃതിയിലുള്ള കുളമുണ്ട്. കാസർകോട് നഗരത്തിൽ നിന്നു 3.5 കിലോമീറ്റർ സഞ്ചരിച്ചാൽ ചന്ദ്രഗിരി കോട്ടയിലെത്താം.

## പള്ളിക്കര ബീച്ച്

ബേക്കൽ കോട്ടയോടു തൊട്ടുരുമ്മിയാണു പള്ളിക്കര ബീച്ച്. ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷനിൽനിന്നു നടന്നു പോകാവുന്ന ദൂരമേയുള്ളൂ. കാഞ്ഞങ്ങാട്- ചന്ദ്രഗിരി പാതയിൽ 18 കിലോമീറ്റർ സഞ്ചരിച്ചാൽ ബീച്ചിൽ എത്താം.

## മധൂർ ക്ഷേത്രം

മധൂർ മഹാഗണപതി ക്ഷേത്രമെന്ന് അറിയപ്പെടുന്ന മദനന്തേശ്വര സിദ്ധിവിനായക ക്ഷേത്രം സ്ഥിതി ചെയ്യുന്നതു കാസർകോട് മധൂരിലാണ്. കാഞ്ഞങ്ങാട് - കാസർകോട്- മധൂർ പാതയിൽ 41 കിലോമീറ്റർ ദൂരം.

## മാലിക് ദീനാർ പള്ളി

കാസർകോട് നഗരത്തിൽനിന്ന് 1.5 കിലോമീറ്റർ അകലെ തളങ്കരയിൽ സ്ഥിതി ചെയ്യുന്നു. പള്ളിക്ക് 12 നൂറ്റാണ്ടിലധികം പഴക്കമുണ്ട്. കേരളീയ വാസ്തു ശിൽപ മാതൃകയിലാണു നിർമാണം.

## അനന്തപുരം തടാക ക്ഷേത്രം

തടാക ക്ഷേത്രമെന്നു പ്രസിദ്ധിയാർജിച്ച കേരളത്തിലെ അതിപുരാതന ക്ഷേത്രമാണു കുമ്പള അനന്തപുരത്തെ അനന്തപത്മനാഭ സ്വാമി ക്ഷേത്രം. കുമ്പള ടൗണിൽ നിന്നു 6കിലോമീറ്റർ അകലെയാണു ക്ഷേത്രം. തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ മൂലസ്ഥാനമായി അറിയപ്പെടുന്നു. ക്ഷേത്രത്തിലെ തടാകത്തിൽ ബബിയ എന്ന മുതലയുണ്ട്. കാഞ്ഞങ്ങാട്ടുനിന്ന് 50 കിലോമീറ്റർ ദൂരം.


മഞ്ഞംപൊതിക്കുന്നിലെ ദൃശ്യം

## മഞ്ഞംപൊതിക്കുന്ന്

ആകാശം തൊട്ടുരുമ്മി സഞ്ചാരികൾക്കു നവ്യാനുഭവം പകരുന്ന ഹരിതാഭമായ പ്രദേശമാണു കാഞ്ഞങ്ങാടു നിന്ന് 5 കിലോമീറ്റർ അകലെയുള്ള മാവുങ്കാലിലെ മഞ്ഞംപൊതിക്കുന്ന്. കുന്നിൻമുകളിൽനിന്നു നോക്കിയാൽ കാഞ്ഞങ്ങാടിന്റെ ഏതാനും ഭാഗങ്ങളും ബേക്കൽ കോട്ടയും കാണാനാകും. ഹനുമാൻ ക്ഷേത്രവും സ്ഥിതി ചെയ്യുന്നു.

## ആനന്ദാശ്രമം

മാവുങ്കാലിനടുത്ത് മഞ്ഞംപൊതിക്കുന്നിന്റെ താഴ്‌വരയിൽ 1931ൽ സ്വാമി രാമദാസാണ് ആനന്ദാശ്രമം സ്ഥാപിച്ചത്. കാഞ്ഞങ്ങാടു നിന്നു 4 കിലോമീറ്റർ ദൂരം.

## നിത്യാനന്ദാശ്രമം

കാഞ്ഞങ്ങാടുനിന്ന് ഒരു കിലോമീറ്റർ അകലെ പാറക്കെട്ട് നിറഞ്ഞ പ്രദേശത്താണു നിത്യാനന്ദാശ്രമം. നിത്യാനന്ദ സ്വാമിയാണ് ഇത് നിർമിച്ചത്. ഗുജറാത്തിലെ സോമനാഥ ക്ഷേത്രമാതൃകയിൽ 1963ലാണ് നിർമാണം. ആശ്രമത്തിലെ വലിയ കരിങ്കൽ പാറകൾ തുരന്നു നിർമിച്ച ഗുഹകളാണു പ്രധാന ആകർഷണം.

## വീരമല

ചെറുവത്തൂരിൽ സ്ഥിതി ചെയ്യുന്നു. മലമുകളിൽ പഴയ ഡച്ച് കോട്ടയുടെ അവശിഷ്ടങ്ങളുണ്ട്. കാര്യങ്കോട് പുഴയുടെ സന്ദര ദൃശ്യങ്ങൾ കാണാം. കാഞ്ഞങ്ങാടു നിന്നു 16 കിലോമീറ്റർ ദൂരം.


## റാണിപുരം

കേരളത്തിലെ ഊട്ടി എന്നറിയപ്പെടുന്ന റാണിപുരം കാസർകോട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. കാഞ്ഞങ്ങാട്-പാണത്തൂർ-പനത്തടി സംസ്ഥാന പാതയിൽ 43 കിലോമീറ്റർ സഞ്ചരിച്ചാൽ റാണിപുരത്തെത്താം. സമുദ്രനിരപ്പിൽനിന്നു 1,049 മീറ്റർ ഉയരത്തിലാണ് റാണിപുരം മലനിരകൾ. കുടക് മലകളോട് ചേർന്ന് കിടക്കുന്ന റാണിപുരം ഊട്ടിയുടെ പ്രകൃതി സൗന്ദര്യത്തോടു ചേർന്നു കിടക്കുന്നു. റാണിപുരത്തിന്റെ അനുഭൂതി നുകരാൻ രണ്ടര കിലോമീറ്റർ വനത്തിലൂടെ സഞ്ചരിക്കണം. പ്രകൃതിദത്തമായ ഗുഹ, നീരുറവ, പാറക്കെട്ട്, മൂടൽമഞ്ഞ് എന്നിവയെല്ലാം സഞ്ചാരികളുടെ മനം കവരും.

## കോട്ടഞ്ചേരി മലനിരകൾ

കിഴക്കൻ മലയോര പ്രദേശമായ കൊന്നക്കാടിനടത്തുള്ള മഴക്കാടാണു കോട്ടഞ്ചേരി മലനിരകൾ. കൊടൈക്കനാലിനെ അനുസ്മരിപ്പിക്കുന്ന കൊട്ടഞ്ചേരി മികച്ച ട്രക്കിങ് കേന്ദ്രവും കൂടിയാണ്. കാഞ്ഞങ്ങാട്ടു നിന്നു 45 കിലോമീറ്റർ ദൂരം.

# മോണോ ആക്ടുണ്ട്, മോഹിനിയാട്ടമുണ്ട്... ബന്നോ....ജോറാക്കാം




**വേദി 1:** മഹാകവി പി.കുഞ്ഞിരാമൻ നായർ (ഐങ്ങോത്ത് മൈതാനം)
ഉദ്ഘാടനം- 9.00
മോഹിനിയാട്ടം എച്ച്എസ്(പെൺ)- 10.00.
സംഘനൃത്തം (എച്ച്എസ്)- 4.00

**വേദി 2:** മഹാകവി കുട്ടമ്മത്ത് (കാഞ്ഞങ്ങാട് ദുർഗ ഹയർസെക്കൻഡറി സ്കൂൾ (ഓപ്പൺ)
മോഹിനിയാട്ടം എച്ച്എസ് പെൺ- 9.00
സംഘനൃത്തം എച്ച്എസ്എസ് - 1.00

**വേദി 3:** ടി.എസ്.തിരുമുമ്പ് (കാഞ്ഞങ്ങാട് മുനിസിപ്പൽ ടൗൺഹാൾ)
കുച്ചുപ്പുടി എച്ച്എസ് ആൺ- 9.00
ചവിട്ടുനാടകം എച്ച്എസ്- 2.00

**വേദി 4:** ടി.ഉബൈദ് (നീലേശ്വരം രാജാസ് ഹയർ സെക്കൻഡറി സ്കൂൾ)
വട്ടപ്പാട്ട് എച്ച്എസ്- 9.00
ദഫ്മുട്ട് -ആൺ എച്ച്എസ്എസ്- 2.00

**വേദി 5:** രസിക ശിരോമണി കോമൻനായർ (നീലേശ്വരം രാജാസ് ഹയർസെക്കൻഡറി സ്കൂൾ)
മോണോആക്ട് എച്ച്എസ് ആൺ- 9.00
മിമിക്രി എച്ച്എസ് പെൺ - 11.00
മോണോ ആക്ട് എച്ച്എസ്എസ് പെൺ- 1.00
മിമിക്രി എച്ച്എസ് ആൺ- 3.00

**വേദി 6:** വിദ്വാൻ പി.കേളുനായർ (എംപിഎസ് ജിവിഎച്ച്എസ്എസ് വെള്ളിക്കോത്ത്)
നാടകം എച്ച്എസ് - 9.00

**വേദി 7:** ചന്ദ്രഗിരി അമ്പു (എസ് എസ് കലാമന്ദിരം, മേലാങ്കോട് )
കഥാപ്രസംഗം എച്ച്എസ്- 9.00
കേരള നടനം എച്ച്എസ്എസ് ആൺ- 1.30

**വേദി 8:** എ.സി.കണ്ണൻനായർ (എസികെഎൻഎസ് യുപി സ്കൂൾ, മേലാങ്കോട്ട്)
ചെണ്ടമേളം എച്ച്എസ്എസ്- 9.00
വൃന്ദവാദ്യം എച്ച്എസ് 12.00

**വേദി 9:** മലബാർ വി.രാമൻനായർ (ചിന്മയ വിദ്യാലയ ഓഡിറ്റോറിയം അതിയാമ്പൂർ)
പദ്യം ചൊല്ലൽ- മലയാളം- എച്ച്എസ്- 9.00
പദ്യം ചൊല്ലൽ- മലയാളം- എച്ച്എസ്എസ്- 11.00

**വേദി 10:** രാഷ്ട്ര കവി ഗോവിന്ദപൈ (ശ്രീലക്ഷ്മി ഓഡിറ്റോറിയം അതിയാമ്പൂർ)
ചാക്യാർകൂത്ത് എച്ച്എസ്- 9.00
നങ്യാർകൂത്ത് എച്ച്എസ്- 2.00

**വേദി 11:** കെ.മാധവൻ (ലിറ്റിൽ ഫ്ലവർ ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ കാഞ്ഞങ്ങാട്)
ലളിതഗാനം എച്ച് എസ് ആൺ- 9.00
ലളിതഗാനം എച്ച്എസ് പെൺ- 11.00
സംഘഗാനം- എച്ച്എസ്എസ്- 2.00

**വേദി 12:** കണ്ണൻപാട്ടാളി (പടന്നക്കാട് കാർഷിക കോളജ്)
പൂരക്കളി എച്ച്എസ്- 9.00
പൂരക്കളി എച്ച്എസ്എസ്- 2.00

**വേദി 13:** കയ്യാർ കിഞ്ഞണ്ണറൈ (പടന്നക്കാട് കാർഷിക കോളജ് ഇൻഡോർ ഓഡിറ്റോറിയം)
ഗിത്താർ പാശ്ചാത്യം എച്ച്എസ്- 9.00
നാഗസ്വരം എച്ച്എസ്എസ്- 12.00
തബല എച്ച്എസ്എസ്- 3.00

**വേദി 14:** കൂറുമൽ എഴുത്തച്ഛൻ (പാലാഴി ഓഡിറ്റോറിയം മന്ന്യോട്ട്കാവ്)
ക്യാവകേളി എച്ച്എസ്- 9.00
കാവ്യകേളി എച്ച്എസ്എസ്- 11.00
അക്ഷരശ്ലോകം എച്ച്എസ്-1.00
അക്ഷരശ്ലോകം എച്ച്എസ്എസ്- 3.00

**വേദി 15:** പാലഭാസ്ക്കര ഭാഗവതർ (പടന്നക്കാട് ബേക്കൽ ക്ലബ് ഓഡിറ്റോറിയം 1)
സംസ്കൃതോത്സവം കൂട്ടിയാട്ടം എച്ച് എസ് -9.00

**വേദി 16:** ഗുരു ചന്തു പണിക്കർ (പടന്നക്കാട് ബേക്കൽ ക്ലബ് ഓഡിറ്റോറിയം 2)
അഷ്ടപദി എച്ച്എസ് ആൺ 9.00
അഷ്ടപദി എച്ച്എസ് പെൺ 12.00
പദ്യം ചൊല്ലൽ സംസ്കൃതം എച്ച്എസ്.3.00
പദ്യം ചൊല്ലൽ സംസ്കൃതം എച്ച്എസ്എസ് ജനറൽ-5.00

**വേദി 17:** സി.രാഘവൻ (സെന്റ്റല്ലാ മേരി സ്കൂൾ പടനക്കാട്)
കഥകളി എച്ച്എസ് ആൺ- 9.00
കഥകളി ഗ്രൂപ്പ് എച്ച്എസ്- 1.00

**വേദി 18:** വയലിൽ കുഞ്ഞിരാമ പണിക്കർ (കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഹാൾ)
പ്രസംഗം മലയാളം -എച്ച്എസ് 9.00
പ്രസംഗം മലയാളം -എച്ച്എസ്എസ് 11.00
പ്രസംഗം ഇംഗ്ലിഷ്-എച്ച്എസ്എസ് 1.00
പ്രസംഗം ഇംഗ്ലിഷ് -എച്ച്എസ്എസ് 3.00

**വേദി 19:** നർത്തക രത്നം കണ്ണൻ പെരുവണ്ണാൻ (എസ്എൻഎയുപി സ്കൂൾ പടന്നക്കാട് )
കോൽക്കളി എച്ച്എസ്എസ്- 9.00
നാടൻപ്പാട്ട് എച്ച്എസ്എസ്-1.00

**വേദി 20:** കെ.എം.അഹമ്മദ് (ഇക്ബാൽ ഹയർസെക്കൻഡറി സ്കൂൾ, അജാനൂർ ഓപ്പൺ സ്റ്റേജ്)
അറബിക് കലോത്സവം.
നാടകം എച്ച്എസ് 10.00

**വേദി 21:** കണ്ണൻ കേരളവർമൻ (ഇക്ബാൽ എച്ച് എസ്എസ് അജാനൂർ)
അറബിക് കലോത്സവം
അറബിഗാനം എച്ച്എസ് ആൺ- 9.00
അറബി ഗാനം എച്ച്എസ് പെൺ- 11.00
സംഭാഷണം എച്ച്എസ്- 1.00
മോണോആക്ട് എച്ച്എസ്- 3.00
പ്രസംഗം അറബിക് എച്ച്എസ്എസ് ജനറൽ 5.00

**വേദി 22:** വി.സി.കാർത്ത്യാനിക്കുട്ടിയമ്മ (കാഞ്ഞങ്ങാട് വ്യാപാര ഭവൻ മുകൾ നിലയിൽ)
വീണ എച്ച്എസ്- 9.00
വീണ/വിചിത്ര വീണ എച്ച്എസ്എസ് 12.00
വയലിൻ പാശ്ചാത്യം എച്ച്എസ് 3.00

**വേദി 23:** ഇന്ന് മത്സരമില്ല.

**വേദി 24:** കെ.ടി.കുഞ്ഞിരാമൻ നമ്പ്യാർ ജിഎഫ് എച്ച്എസ് കാഞ്ഞങ്ങാട് മരക്കാപ്പ് കടപ്പുറം)
അറവനമുട്ട് എച്ച്എസ്-9.00

**വേദി 25:** ഗാന്ധി കൃഷ്ണൻനായർ (ജിവിഎച്ച്എസ്എസ്, കാഞ്ഞങ്ങാട് സൗത്ത് ഹാൾ-1)
ചിത്രരചന പെൻസിൽ എച്ച്എസ്, എച്ച്എസ്എസ് 9.00
കൊളാഷ് എച്ച്എസ്എസ്, കാർട്ടൂൺ, എച്ച്എസ്-12.00
കാർട്ടൂൺ എച്ച്എസ്എസ് 3.00

**വേദി 26:** ഗാന്ധിരാമൻനായർ (ജിവിഎച്ച്എസ്എസ് കാഞ്ഞങ്ങാട് സൗത്ത് ഹാൾ 2)
കഥാരചന മലയാളം എച്ച്എസ്,എച്ച്എസ്എസ് 9.00
കഥാരചന ഹിന്ദി എച്ച്എസ് , എച്ച്എസ്എസ്-11.00
കഥാരചന ഉറുദു എച്ച്എസ്, എച്ച്എസ്എസ്-1.00
കഥാരചന ഇംഗ്ലിഷ്-എച്ച്എസ്, എച്ച്എസ്എസ് 3.00
കഥാരചന അറബിക് എച്ച്എസ് എസ് -4.00

**വേദി 27:** പാർഥിസുബ്ബ (ചൈതന്യ ഓഡിറ്റോറിയം കിഴക്കുംകര)
ശാസ്ത്രീയ സംഗീതം എച്ച്എസ് ആൺ- 9.00
ശാസ്ത്രീയ സംഗീതം എച്ച്എസ്എസ് ആൺ-12.00
കഥകളി സംഗീതം എച്ച്എസ് പെൺ- 3.00
കഥകളി സംഗീതം എച്ച്എസ്എസ് -പെൺ- 6.00

**വേദി 28:** ഇന്ന് മത്സരമില്ല

**വേദി 29:** ദിശ പ്രദർശനം, സെമിനാർ

**വേദി 30:** സാംസ്കാരിക പരിപാടി

**വേദി 31:** എക്സിബിഷൻ സ്റ്റാളുകൾ

# തെയ്യക്കാലത്തെ കലോത്സവം

കാഞ്ഞങ്ങാട് ● വടക്കിന്റെ ദൈവങ്ങളായ തെയ്യങ്ങൾ കാവുകളിലും തറവാടുകളിലും ഉറഞ്ഞാടുന്ന ഈ തെയ്യക്കാലത്താണു സംസ്ഥാന സ്കൂൾ കലോത്സവം. തുളുനാടൻ കുന്നുകൾ ഇറങ്ങി മലബാറിന്റെ ഉത്തര മേഖലകളിലേക്കു പടർന്ന തെയ്യങ്ങൾ പരിസ്ഥിതിയുടെ, വിശ്വാസത്തിന്റെ, സംസ്കാരത്തിന്റെ, കാർഷിക ജീവിതത്തിന്റെ, അതിജീവനത്തിന്റെ, പ്രതിഷേധത്തിന്റെ, മതസൗഹാർദത്തിന്റെ... അങ്ങനെ പലതിന്റെയും പ്രതീകമാണ്.

ഒരു ജനതയുടെ ക്ഷേമത്തിനും പരിപാലനത്തിനും സൗഹാർദത്തിനുമായി നിലകൊള്ളുന്ന ശക്തിയെ വിശ്വാസികൾ ദൈവം എന്നു വാഴ്ത്തുന്നു. ദൈവം എന്ന പദത്തിൽ നിന്നു പിറവി കൊണ്ടതാണു 'തെയ്യം'. ജില്ലയിലെ മലയൻ, വണ്ണാൻ, വേലൻ, നെൽകദായർ, അഞ്ഞൂറ്റാൻ, പുലയൻ പരവൻ, ചെറവർ തുടങ്ങിയ സമുദായക്കാരാണു പ്രധാനമായും തെയ്യം കെട്ടുന്നത്. രാവിലെ മുതൽ വൈകിട്ടു വരെ വിവിധ കാവുകൾ സന്ദർശിച്ചാൽ കലോത്സവത്തിന് എത്തുന്നവർക്കു തെയ്യം കാണാം.


കണ്ടനാർകേളൻ തെയ്യം (ഫയൽ ചിത്രം)

## കലോത്സവ ദിവസങ്ങളിൽ കാണാവുന്ന ചില തെയ്യങ്ങൾ

| | |
|---|---|
| ഇന്ന് | കാഞ്ഞങ്ങാട് പേരൂർ കാലിച്ചാൽ ദേവസ്ഥാനം, ചിത്താരി ചാമുണ്ഡിക്കുന്ന് വിഷ്ണു ചാമുണ്ഡേശ്വരി ദേവസ്ഥാന കളിയാട്ടം, നീലേശ്വരം പാലായി മാട്ടുമ്മൽ തറവാട്, നീലേശ്വരം പടിഞ്ഞാറ്റം, മാട്ടുമ്മൽ തറവാട്, നീലേശ്വരം പടിഞ്ഞാറ്റംകൊഴുവൽ പുതിയ സ്ഥാനം, അമ്പലത്തറ മീങ്ങോത്ത് കളിയാട്ടം |
| നാളെ | കാഞ്ഞങ്ങാട് പേരൂർ ഗുളിക ദേവസ്ഥാന കളിയാട്ടം, ചിത്താരി ചാമുണ്ഡിക്കുന്ന് വിഷ്ണു ചാമുണ്ഡേശ്വരി ദേവസ്ഥാന കളിയാട്ടം, കരിന്തളം അണ്ടോൾ കാവുതിയോട്ട് ഭഗവതി സ്ഥാനം, നീലേശ്വരം കരുവാച്ചേരി പതിക്കൽ ചാമുണ്ഡേശ്വരി |
| നവംബർ 30 | ചിത്താരി ചാമുണ്ഡിക്കുന്ന് വിഷ്ണു ചാമുണ്ഡേശ്വരി ദേവസ്ഥാന കളിയാട്ടം, കരിന്തളം അണ്ടോൾ കാവുതിയോട്ട് ഭഗവതി സ്ഥാനം, നീലേശ്വരം നാഗശേരി ഭഗവതി സ്ഥാനം |
| ഡിസംബർ 01 | ചിത്താരി ചാമുണ്ഡിക്കുന്ന് വിഷ്ണു ചാമുണ്ഡേശ്വരി ദേവസ്ഥാന കളിയാട്ടം, നീലേശ്വരം നാഗശേരി ഭഗവതി സ്ഥാനം |


സംസ്ഥാന സ്കൂൾ കലോത്സവത്തെ വരവേറ്റ് കണ്ണൂർ യൂണിവേഴ്സിറ്റി വിദ്യാർഥികൾ നീലേശ്വരത്ത് ഫ്ലാഷ് മോബ് അവതരിപ്പിച്ചപ്പോൾ.

മലയാള മനോരമ | Emmanuval SILKS KANHANGAD KANNUR THRISSUR

## പ്രശ്നോത്തരി

**ഇന്നത്തെ ചോദ്യം**

**കാസർകോട് ജില്ലയിൽ സംസ്ഥാന സ്കൂൾ കലോത്സവം നടക്കുന്നതു രണ്ടാമത്തെ തവണയാണ്. ഏതു വർഷമാണ് ആദ്യം കലോത്സവം നടന്നത്?**

ഉത്തരങ്ങൾ കാഞ്ഞങ്ങാട് ഐങ്ങോത്തെ കലോത്സവം പ്രധാന വേദിക്കു മുൻവശത്തുള്ള മലയാള മനോരമയുടെ പവലിയനിലെ കൂപ്പൺ ബോക്സിൽ നിക്ഷേപിക്കാം. ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 2 പേർക്ക് ഇമ്മാനുവൽ സിൽക്സ് നൽകുന്ന ഗിഫ്റ്റ് വൗച്ചർ സമ്മാനം. ഉത്തരങ്ങൾ വൈകിട്ട് 5നു മുൻപ് ലഭിക്കണം.

## നിറമണിയൂ; സമ്മാനം നേടൂ...

**കലോത്സവ ദിനങ്ങളിൽ ഓരോ ദിവസവും 10 വീതം സമ്മാനം**

കലോത്സവ വേദികളിൽ ഓരോ ദിവസവും പ്രത്യേക നിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചെത്തുന്നവർക്കു സമ്മാനങ്ങൾ

ഇന്നത്തെ നിറം: ചുവപ്പ്

കലോത്സവത്തിൽ പങ്കെടുക്കാനും കാണാനും വേദികളിലെത്തുന്നവർക്കു സമ്മാനങ്ങളുമായി മലയാള മനോരമയും ഇമ്മാനുവൽ സിൽക്സും. കലോത്സവദിനങ്ങളിൽ ഓരോ ദിവസവും മനോരമയിൽ പറയുന്ന നിറത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുന്ന ഭാഗ്യശാലികളായ 10 പേർക്കുവീതം ഗിഫ്റ്റ്‌വൗച്ചർ സമ്മാനം ലഭിക്കും. ഇന്നത്തെ നിറം: ചുവപ്പ്. നിറത്തിന്റെ ഏതുതരം ഷെയ്ഡിലുമുള്ള ഏതുതരം വസ്ത്രവുമണിയാം. നിറം ശ്രദ്ധേയമായി അണിഞ്ഞു വേദികളിൽ എത്തുന്നവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കാണു സമ്മാനം.